പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4165

27.06.2012-ൽ മറുപടിയ്ക്ക്

## ടൂറിസം കേന്ദ്രങ്ങളിലെ നിയമവിരുദ്ധ പ്രവർത്തികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.എസ്. സലീഖ | | ശ്രീ. എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| എ) | ടൂറിസം കേന്ദ്രങ്ങളിൽ ബാലപീഡനം, മനുഷ്യക്കടത്ത്, ലഹരി മരുന്ന് എന്നിവയ്ക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | എ) ടൂറിസം കേന്ദ്രങ്ങളിൽ ബാലപീഡനം, മനുഷ്യക്കടത്ത്, ലഹരി മരുന്ന് എന്നിവയ് ക്കെതിരെ നടപടി സ്വീകരിക്കുന്നത് സംസ്ഥാന ആഭ്യന്തര വകുപ്പും , പോലീസുമാണ്. ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനുള്ള നടപടികൾ . സ്വീകരിക്കുന്നതിന് ആഭ്യന്തര വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട് . കൂടുതൽ ലൈഫ് ഗാർഡുകൾ, ടൂറിസം വാർഡൻമാർ എന്നിവരെ വിന്യസിച്ചും പ്രാദേശിക ടൂറിസം നിക്ഷേപകരുടേയും പോലീസിൻെറയും സഹകരണത്തോടെ സെക്യൂരിറ്റി കമ്മിറ്റികൾ രൂപീകരിച്ചും ഇത്തരം പ്രവർത്തികൾ തടയുന്നതാണ്. മയക്കു മരുന്നിനും മറ്റും എതിരെയുള്ള പ്രചാരണ പരിപാടിയുടെ ഭാഗമായി ഇവ ഉപയോഗിക്കുന്നവർക്കും കൈവശം വയ്ക്കുന്നവർക്കും ഇന്ത്യൻ പീനൽ കോഡ് പ്രകാരം ലഭിക്കാവുന്ന ശിക്ഷയുടെ വിവരങ്ങളടങ്ങിയ ഹോൾഡിംഗ്സ് എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും സ്ഥാപിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| ബി) | ടൂറിസം മേഖലയെ ഹർത്താലിൽ നിന്ന് ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | ബി) ടൂറിസം മേഖലയെ ഹർത്താലിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം പുതിയ ടൂറിസം നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| സി ) | തോട്ടങ്ങളുടെ എത്ര ശതമാനമാണ് വിനോദസഞ്ചാര ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ; | സി ) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല |
| ഡി ) | ഹോം സ്റ്റേകളെ പ്രോത്സാഹിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | ഡി ) അംഗീകാരമുള്ള ഹോം സ്റ്റേകളെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി,വാട്ടർ അതോരിറ്റി എന്നീ വകുപ്പുകളുമായി സഹകരിച്ച് റസിഡൻഷ്യൽ താരിഫ് നിരക്കിൽ വൈദ്യുതിയും, വെള്ളവും ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം പുതിയ ടൂറിസം നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| ഇ ) | വിനോദ സഞ്ചാര മേഖലയിലെ നിക്ഷേപങ്ങൾക്ക് പുതുതായി സബ് സിഡി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ഇ ) ഉത്തരവാദിത്ത വിനോദ സഞ്ചാര പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ആനുകൂല്യങ്ങൾ നൽകുന്നതിനും നിലവിലുള്ള സബ്സിഡി പദ്ധതികൾ 2013 ഓടെ പിൻവലിക്കുന്നതും ആകെ നിക്ഷേപത്തിൻെറ 15 ശതമാനം വരെ നൽകി ഉത്തരവാദിത്ത വിനോദ സഞ്ചാര നിക്ഷേപകർക്ക് പുതിയ സബ് സിഡി പദ്ധതി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം പുതിയ ടൂറിസം നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| എഫ് ) | അടിയന്തിര സാഹചര്യങ്ങളിൽ വിനോദസഞ്ചാരികളെ സഹായിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | എഫ് ) ആകസ്മികതകളിൽ അടിയന്തിരമായി ഇടപെടാൻ പര്യാപ്തമായ കണ്ടിജൻസി റെസ് പോൺസ് സെൽ സംസ്ഥാന തലത്തിൽ രൂപീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ